''ഭരണഭാഷ - മാതൃഭാഷ''

ജയിൽ ആസ്ഥാനകാര്യാലയം,
തിരുവനന്തപുരം – 12,
തീയതി: 19/04/2014.

നം: എ5-7386/2014

## സർക്കുലർ – 19

വിഷയം:- ജയിലുകൾ - അക്കൗണ്ട്സ് - ബഡ്ജറ്റ് എസ്റ്റിമേറ്റ് 2014-15 - ജയിൽ സ്ഥാപനങ്ങളിലേക്കുള്ള അലോട്ട്മെന്റ് പാസ്സാക്കി അയയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഇല്ല.

......

2014-15 സാമ്പത്തിക വർഷം മുതൽ സെൻട്രൽ ജയിൽ, തുറന്ന ജയിൽ, വനിതാജയിൽ, ജില്ലാജയിൽ, സിക്ക, ബോർസ്റ്റൽ സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങൾക്കുള്ള അലോട്ട്മെന്റ് ഹെഡ്ക്വാർട്ടേഴ്സിൽനിന്ന് നേരിട്ടും സ്പെഷ്യൽ സബ് ജയിലുകൾ, സബ് ജയിലുകൾ എന്നീ സ്ഥാപനങ്ങൾക്കുള്ള അലോട്ട്മെന്റ് അതാത് മേഖലാ ഡി.ഐ.ജി. ഓഫീസുകളിൽനിന്നും പാസ്സാക്കി ലഭിക്കുന്നതാണ്. ആയതിനാൽ അതാത് മേഖലാ ഡി.ഐ.ജി. ഓഫീസിൽനിന്നും സ്പെഷ്യൽ സബ് ജയിലുകളിലേയും സബ് ജയിലുകളിലേയും ബില്ലുകൾ പാസ്സാക്കുന്ന മുറയ്ക്ക് ടി സ്ഥാപനങ്ങൾക്ക് അലോട്ട്മെന്റ് നൽകേണ്ടതാണ്.

മതിയായ കരാണങ്ങളില്ലാതെ ഏതെങ്കിലും സ്ഥാപനത്തിന് ഡി.ഐ.ജി. ഓഫീസിൽനിന്നും യഥാസമയം അലോട്ട്മെന്റ് ലഭിക്കുന്നില്ല എന്ന പരാതിയുണ്ടെങ്കിൽ ടി വിവരം സൂപ്രണ്ടുമാർ ജയിൽ ആസ്ഥാനകാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ജീവനക്കാരുടെ 5000/- രൂപയിൽ താഴെ വരുന്ന മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ബില്ലുകൾ അതാത് മേഖലാ ഡി.ഐ.ജി. ഓഫീസിൽനിന്നും പാസ്സാക്കാവുന്നതാണ്.

എല്ലാ ജയിൽ സ്ഥാപനങ്ങളും സൂപ്രണ്ടുമാർ സാക്ഷ്യപ്പെടുത്തിയ DORE സ്റ്റേറ്റ്മെന്റുകൾ ജയിൽ ആസ്ഥാനകാര്യാലയത്തിൽ 10-ാം തീയതിക്കകം തപാലിൽ ലഭിക്കത്തക്കവണ്ണം അയക്കേണ്ടതാണ്.

Santhakumari

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസിനു വേണ്ടി.

To

എല്ലാ മേഖലാ ഡിഐ.ജി. മാർക്കും/ജയിൽ സ്ഥാപനമേധാവികൾക്കും

ടികെഎസ്/22/04/14.